**DESABHIMANI - 22-03-2019**

# സിഫ്റ്റ് ഇനി മത്സ്യോൽപ്പന്നങ്ങൾക്കുള്ള ദേശീയ റഫറൻസ് ലബോറട്ടറി

**മട്ടാഞ്ചേരി**

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന, മത്സ്യരംഗത്തെ സാങ്കേതിക ഗവേഷണ സ്ഥാപനമായ സിഫ്റ്റ് ഇനി മുതൽ രാജ്യത്തെ മത്സ്യ –മത്സ്യോൽപ്പന്നങ്ങൾക്കുള്ള ഏക ദേശീയ റഫറൻസ് ലബോറട്ടറി. ദേശീയ ഭക്ഷ്യസുരക്ഷയ്ക്കായുള്ള ഏജൻസിയായ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് അതോറിറ്റി (എഫ്എസ്എസ്എഐ) ആണ് അംഗീകാരം നൽകിയത്. ഇതോടെ സിഫ്റ്റിന് അന്തർദേശീയ നിലവാരത്തിലുള്ള ഫുഡ് ടെസ്റ്റിങ് ലബോറട്ടറികളുടെ ഒരു ശൃംഖല സ്ഥാപിക്കാം. അതിനാവശ്യമായ അംഗീകൃത ഉൽപ്പന്നങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കുക, പരീക്ഷണ നിരീക്ഷണ കാര്യങ്ങൾക്കായുള്ള അംഗീകൃത നടപടിക്രമങ്ങളും രീതികളെയും നിശ്ചയിക്കുക, ബന്ധപ്പെട്ട വിഷയത്തിൽ ആവശ്യമായ സാങ്കേതികസഹായം ലഭ്യമാക്കുക, അനുബന്ധ വിഷയങ്ങളിൽ ദേശീയതലത്തിൽ വിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കുക എന്നിവ ചെയ്യാനാകും.

ഇതിന്റെ ഭാഗമായി സിഫ്റ്റ് എഫ്എസ്എസ്എഐയുമായി സഹകരിച്ചു മത്സ്യത്തിലെ രാസ, സൂക്ഷ്മാണു മാലിന്യ നിയന്ത്രണത്തിനുള്ള മാർഗനിർദേശങ്ങൾ ആവിഷ്കരിച്ചു വരികയാണെന്ന് സിഫ്റ്റ് ഡയറക്ടർ ഡോ. സി എൻ രവിശങ്കർ പറഞ്ഞു.